PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Tuesday, *the 18th September 1951*

Vol. IV] **OFFICIAL REPORT** **[No. 2**

The Assembly met in the Legislative Chamber, Trivandrum at Eleven of the Clock on Tuesday, the 18th September 1951, with Mr. Deputy Speaker (Sri. T. T. Kesavan Sastri) in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

Oral Answers

സ്റ്റഡി ലീവ്

*൨൬. (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) മുൻകാലങ്ങളിൽ ഗവൺമെൻറുദ്യോഗസ്ഥന്മാർക്ക് സ്റ്റഡി ലീവ് അനുവദിച്ചിരുന്നോ;

(ബി) ഇപ്പോൾ അവർക്ക് സ്റ്റഡി ലീവു അനുവദിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (സി. കേശവൻ):

(എ) ഉവ്വ്.

(ബി) സ്റ്റഡി ലീവിനെ സംബന്ധിച്ചിടത്തോളം ഭേദഗതി ഒന്നുംതന്നെ ചെയ്തിട്ടില്ല. എന്നാൽ സാധാരണ ലീവ് ഉപരിപഠനത്തിനും നിയമപഠനത്തിനും അനുവദിച്ചുകൊടുക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുണ്ട്. ഈ വ്യവസ്ഥയിൽ നിന്നു പട്ടികജാതിക്കാരെ ഉപരിപഠനത്തിനു മാത്രം ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. പി. നാണു: എന്തുകൊണ്ടാണ് മുമ്പിലത്തെ രീതിയിൽ സ്റ്റഡിലീവ് അനുവദിക്കാത്തത്?

ശ്രീ. സി. കേശവൻ: സ്റ്റഡിലീവിൻെറ കാലം കഴിഞ്ഞു തിരിച്ചുവരുന്ന ആളുകൾ സ്റ്റഡി ലീവ് എടുക്കാതെ സർവ്വീസിലിരിക്കുന്നവരുടെ മുകളിൽ, ഏതാനും കൊല്ലം സർവ്വീസിലിരിക്കാതെ തന്നെ, പോകേണ്ടിവരുന്നതാണ്.

ശ്രീ. പി. നാണു: ആ അവകാശം വേണ്ടെന്നുവച്ചു അപേക്ഷിക്കുന്നവർക്ക് സ്റ്റഡി ലീവ് അനുവദിച്ചുകൊടുക്കാമോ?

Sri. K. P. Nilakanta Pillai: Sir, on a point of order. Is it not a hypothetical question?

Mr. Deputy Speaker: Yes. It is.

ശ്രീ. കെ. രാമചന്ദ്രൻ: വിദ്യാഭ്യാസലീവിനെ സംബന്ധിച്ച് പട്ടികജാതിക്കാർക്ക് നൽകിയിട്ടുള്ള ഈ സൌജന്യം പിന്നോക്കസമുദായക്കാർക്ക് മുഴുവൻ അനുവദിച്ചുകൊടുത്തുകൂടേ?

ശ്രീ. സി. കേശവൻ: അത് ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അതിൻെറ ഫലം ഉപരിപഠനത്തെ നിരുത്സാഹപ്പെടുത്തുകയല്ലേ?

ശ്രീ. സി. കേശവൻ: സർവ്വീസിലിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഉപരിപഠനത്തിനു അവരെ പ്രോത്സാഹിപ്പിക്കണമെന്നു ഗവൺമെൻറിനു ആഗ്രഹമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങിനെയാണെങ്കിൽ അതു കാര്യക്ഷമതയെ ബാധിക്കുകയില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: സ്റ്റഡി ലീവിനു പകരം എക്സ്ട്രാ ഓർഡിനറി ലീവോ പ്രിവിലേജ് ലീവോ കൊടുക്കുന്നതിൽ വിരോധമുണ്ടോ?

ശ്രീ. സി. കേശവൻ: സ്റ്റഡി ലീവുതന്നെ എക്സ്ട്രാ ഓർഡിനറി ലീവാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ ഉത്തരവ് പുനരാലോചന ചെയ്യാമോ?

ശ്രീ. സി. കേശവൻ: അതിനു ആവശ്യമുണ്ടായിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ സഭയിൽതന്നെയുള്ള പല മെമ്പറന്മാരും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളുടെ പശ്ചാത്തലത്തിൽ ഇതു പുനരാലോചിക്കാമോ?

ശ്രീ. സി. കേശവൻ: ഈ ചോദ്യങ്ങളെല്ലാം എതിരഭിപ്രായങ്ങളാണെന്നു വ്യാഖ്യാനിക്കുന്ന പക്ഷം അതിനെപ്പററി ആലോചിക്കാവുന്നതാണ്.

Sri. D. Gnanasigamoni: Sir, may I know whether this is the rule obtaining in other States?

Sri. C. Kesavan: I want notice to ascertain whether it is so.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്രകാരം ലീവ് കൊടുക്കേണ്ട എന്നു തീരുമാനിച്ചതു എന്നാണ്?

ശ്രീ. സി. കേശവൻ: ഷെഡ്യൂൾഡ് കാസ്റ്റിനു പ്രത്യേകം സൌജന്യം അനുവദിക്കണമെന്നു തീരുമാനിച്ചതു, ൧൯൫൧ ജൂലൈ ൩൦-ാംനു-യാണ്; മററുള്ളവരുടെ സംഗതിയിൽ തീരുമാനം പുറപ്പെടുവിച്ചതു ൧൯൫൦ സെപ്റ്റംബർ ൧൪-ാംനു-യാണ്.

Sri. P. Balakrishnan Tampi: May I know from the hon. the Chief Minister if he can find one hon. Member of the House supporting the policy of the Government on this matter?

Sri. C. Kesavan: I have not known.

ശ്രീ. എ. താണുപിള്ള: ഉപരിപഠനം സർവ്വീസിനെ കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യത്തിലും ലീവ് അനുവദിച്ചുകൊടുക്കുകയില്ലേ?

ശ്രീ. സി. കേശവൻ: കൊടുക്കുന്നുണ്ട്. ടെക്നിക്കലായിട്ട് ആവശ്യമുള്ളവക്ക് അങ്ങിനെ നൽകുന്നുണ്ട്.

Sri. R. K. Ram: May I know whether study leave can be granted to Ministers for higher studies?

Mr. Deputy Speaker: That question is not allowed.

ശ്രീ. കെ. എസ്. ജോസഫ്: സ്റ്റഡി ലീവ് കഴിഞ്ഞ് തിരിയെ വന്നിട്ടുള്ളവക്ക് ഹയർ അപ്പോയിൻറമെൻറ്സ് കൊടുക്കണമെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. സി. കേശവൻ: പോസ്ററ് ഗ്രാഡ്വേററ്സിനെ സംബന്ധിച്ചിടത്തോളം അതു ശരിയാണ്. ഇൻറർമീഡിയററ് പാസ്സായി ബി. എ. കോഴ്സിനു ചേരണമെന്നുള്ളവക്ക് അവധി നൽകുന്നില്ല.

ശ്രീ. കെ. എസ്. ജോസഫ്: ടെക്ക്നിക്കൽ ക്വാളിഫിക്കേഷൻ ഉള്ള ആളുകളും ഉപരിപഠനം കഴിഞ്ഞു വരുമ്പോൾ അവക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചതു്.

ശ്രീ. സി. കേശവൻ: സാധാരണ അവധിയെടുത്തുപോകുവാൻ സവ്വീസ് റെഗുലേഷനിൽ വ്യവസ്ഥയുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സ്റ്റഡിലീവ് എന്നു പറയാതെന്നെ വേറെ ലീവ് എടുത്തുകൊണ്ട് പഠിക്കുവാൻ പോകാമോ?

ശ്രീ. സി. കേശവൻ: മോഷ്ടിച്ചാൽ പലതും ചെയ്യാൻ കഴിയും.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എൻ. ജി. ഒ. അസോസിയേഷൻ ഇതിനെപ്പററി പരാതിപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അവക്ക് ഇതിൽ വളരെ അതൃപ്തിയും വിഷമതയും ഉണ്ടെന്നുള്ള വിവരം ഗവമ്മെൻറിനറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം. അവരുടെ ആഗ്രഹം സാധിച്ചില്ലെങ്കിൽ അവക്ക് പ്രതിഷേധം ഉണ്ടാകുമെന്നും അറിയാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അവരുടെ പരാതിയിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. സി. കേശവൻ: ഒരു നടപടിയും നടത്തിയിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അവധിയെടുത്തുകൊണ്ട് ഇൻറർമീഡിയററിനു പഠിക്കാൻ പോയി അതു കഴിഞ്ഞു തിരിച്ചു വന്നിട്ട് പിന്നെ ബി. എ. കംപ്ലീററ് ചെയ്യണമെന്നു വിചാരിക്കുന്നവക്ക് അവധി കൊടുക്കുന്ന കാര്യത്തെപ്പററി ആലോചിക്കാമോ?

ശ്രീ. സി. കേശവൻ: ആലോചിക്കാം.

സവ്വീസ് സംയോജനം

*൨൭ (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) സവ്വീസ് സംയോജനം പൂത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആ ജോലി എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(സി) സവ്വീസ് സംയോജനം സംബന്ധിച്ച് കേന്ദ്രഗവമ്മെൻറിനോട് ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ബഹു. മെമ്പറുടെ ശ്രദ്ധയെ ഫെബ്രുവരി ൧൨-ാം-൹ ഗവമ്മെൻറ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്നോട്ടിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

(സി) വിവരമില്ല.

ശ്രീ. പി. നാണു: സർവ്വീസ് സംയോജനം സംബന്ധിച്ച് അവസാനതീരുമാനം ഉണ്ടായിട്ടില്ലെങ്കിലും, എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവൺമെൻറ് അവസാന തീരുമാനം ചെയ്തിട്ടില്ല. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു ഡിപ്പാർട്ടുമെൻറ ഹെഡ്സിനു ഡയറക്ഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. നാണു: ഇന്ന രീതിയിൽ വേണമെന്നുള്ളതിനു നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. പി. നാണു: ആ നിർദ്ദേശങ്ങളെ എതിർത്ത് സർവ്വീസിൽ പല വശങ്ങളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങനെ ഉള്ളതായി അറിവില്ല.

ശ്രീ. കെ. എ. മാത്യു: ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കെ. എ. മാത്യു: എന്താണ് ഇതു നടപ്പിൽ വരുത്തുവാൻ കാലതാമസം?

ശ്രീ. സി. കേശവൻ: കാലതാമസമൊന്നുമില്ല. ഗവൺമെൻറാർഡർ നടപ്പിൽ വരുത്തുന്നതിനു തീരുമാനിച്ചപ്പോൾ പാർട്ടിയിലും അസംബ്ലിയിലും ഇതു സംബന്ധിച്ചുണ്ടായ വാദപ്രതിവാദങ്ങളുടേയും മററും അടിസ്ഥാനത്തിൽ ഈ കാര്യം പുനരാലോചന ചെയ്യാൻ തീരുമാനിച്ചു. ആ കൂട്ടത്തിൽ ഇൻഡ്യാ ഗവൺമെൻറിൻെറ വിദഗ്ദ്ധാഭിപ്രായംകൂടി ആവശ്യപ്പെട്ടു. അതുവന്നിട്ട് കുറച്ചു ദിവസങ്ങളെ ആയിട്ടുള്ളു. അതിനെസംബന്ധിച്ചാണ് ഇപ്പോൾ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതു്.

ശ്രീ. പി. നാണു: ഇൻഡ്യാഗവൺമെൻറിൻെറ നിർദ്ദേശത്തെ എതിർക്കുന്നവർ ഇവിടെ ഉണ്ടോ?

ശ്രീ. സി. കേശവൻ: ഏതു തീരുമാനം ചെയ്താലും എതിർക്കുന്നവർ ഉണ്ടാകും.

ശ്രീ. പി. നാണു: ആ എതിർപ്പ് അവസാന തീരുമാനത്തിനു കാലതാമസം ഉണ്ടാക്കുന്നില്ലേ?

ശ്രീ. സി. കേശവൻ: നടപടി നടന്നുകൊണ്ടിരിക്കുകയാണു.

ശ്രീ. എ. താണുപിള്ള: ഈ നിർദ്ദേശം ഗവൺമെൻറ പുറപ്പെടുവിച്ചപ്പോൾ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെൻറ മേലധികാരികളുമായി ആലോചിച്ചിട്ടുണ്ടോ, അതല്ല ഇനിയും ആലോചിക്കേണ്ടതായി ഉണ്ടോ?

ശ്രീ. സി. കേശവൻ: ഡിപ്പാർട്ടുമെൻറ ഹെഡ്സിനോടു നേരത്തെ ആലോചിച്ചിട്ടുണ്ട്. അതിൽ ഇൻഡ്യാഗവൺമെൻറ വരുത്തിയ ചില മാററങ്ങളെ സംബന്ധിച്ചാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതു്. ഇനി അവരോട് ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാഗവൺമെൻറിൻെറ നിർദ്ദേശങ്ങൾ എന്തെല്ലാം?

ശ്രീ. സി. കേശവൻ: ഞാൻ ഇതു് ഇന്നലെയും പ്രസ്താവിച്ചതാണ്. അതു് മേശപ്പുറത്തു വയ്ക്കാം.

ശ്രീ. പി. എം. വറഗീസ്: കൊച്ചിയിലെ രണ്ടും മൂന്നും വർഷംമാത്രം സർവ്വീസുള്ള ഉദ്യോഗസ്ഥന്മാർ, തിരുവിതാംകൂറിലെ പത്തും പന്ത്രണ്ടും കൊല്ലം സർവ്വീസുള്ള ഉദ്യോഗസ്ഥന്മാരുടെ സീനിയറന്മാരായിട്ടുണ്ടെന്നു് പരാതിയുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങിനെയും പരാതിയുണ്ട്.

ഉദ്യോഗസ്ഥന്മാരുടെ എതിർപ്രവർത്തനം

*൨വ്വ (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) ഡിനോമിനേഷൻ സ്കൂളുകൾ നിറുത്തലാക്കുന്നതു സംബന്ധിച്ച ഗവമ്മെൻറുത്തരവു് വിഫലമാക്കപ്പെടുത്തുന്നതിനു് ഗവമ്മെൻറുദ്യോഗസ്ഥന്മാർ ശ്രമിച്ചതായി ൧൯— ൫— ൧൯ ൫൧-ലെ "ദീപിക"യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന റിപ്പോർട്ടു ആരെങ്കിലും ഗവമ്മെൻറ ശ്രദ്ധയ്ക്കു് വിഷയമാക്കിയിട്ടുണ്ടോ?

(ബി) ഗവമ്മെൻറ അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ൧൯൫൧ മേയ് ൨൦-ൽ ഈ ചോദ്യകർത്താവുതന്നെ ഇതിനെക്കുറിച്ചു് ഒരെഴുത്തു അയച്ചിട്ടുണ്ടായിരുന്നതു് കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു് നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇതിൽകൂടുതൽ നോട്ടീസു വേണമോ?

ശ്രീ. എൽ. എം. പൈലി: എതായാലും അതു് നോട്ടീസു കൂടാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സർ, ഇതിനെ സംബന്ധിച്ചു് ഞാൻ ൧൯൫൧ മേയ് ൨൦-ൽ തന്നെ ഒരെഴുത്തു അയച്ചിട്ടുണ്ട്. ഇതിനേക്കാൾ കൂടുതലായി നോട്ടീസ് ആവശ്യമുണ്ടോ?

ശ്രീമതി ആനിമസ്ക്രീൻ: നോട്ടീസ് വേണമെന്നു് മന്ത്രി മറുപടി പറയുകയാണെങ്കിൽ പിന്നെയും അതിനെക്കുറിച്ചു് ചോദിക്കാമോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: പാടില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ബഹുമാനപ്പെട്ട മന്ത്രിക്കു് അതിനെപ്പറ്റി അറിവില്ലാതെ നോട്ടീസ് വേണം എന്നു പറയുകയാണെങ്കിലോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: നോട്ടീസ് വേണം എന്നു പറഞ്ഞാൽ പിന്നെ ചോദ്യം അനുവദനീയമല്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഇപ്പോൾ ഡിനോമിനേഷനൽ സ്കൂളുകൾ ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

പബ്ലിക്ക് സർവ്വീസിലെ പിന്നോക്കസമുദായങ്ങൾ

* ൨൯ (൫.) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ?

(എ) പബ്ലിക്ക് സർവ്വീസ് സംബന്ധിച്ച് പിന്നോക്കസമുദായങ്ങൾ ഏതെല്ലാമെന്ന് ഗവമ്മെൻറ നിശ്ചയിച്ചു കഴിഞ്ഞോ;

(ബി) പിന്നോക്കസമുദായം എന്നനിലയിൽ സംവരണം ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സമുദായങ്ങൾക്കുവേണ്ടി അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഈ വർഷം ഒരു പ്രത്യേകകമ്മററി രൂപീകരിച്ച് ആലോചിച്ചുവരികയാണ്.

(ബി) അപേക്ഷകൾ കിട്ടിയ സമുദായങ്ങളുടെ പട്ടിക അനുബന്ധിച്ചിരിക്കുന്നു. അതു മേശപ്പുറത്തു വച്ചിട്ടുണ്ട്. *(Placed in Library)*

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അങ്ങനെ എത്രസമുദായങ്ങൾ ഉണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ലിസ്റ്റ് ഒരു പേജ് മുഴുവനുണ്ട്. വേണമെങ്കിൽ വായിക്കാം.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എന്നാൽ വായിക്കണമെന്നില്ല. ഇപ്പോഴത്തെ കമ്മിററിയിലെ മെമ്പർമാർ ആരെല്ലാം?

ശ്രീ. സി. കേശവൻ:

ശ്രീ. പി. എം. കാസിം, മെമ്പർ, റവന്യൂബോർഡ് (ചെയർമാൻ)

ശ്രീ. കെ. എസ്. രാഘവൻ, ഗവമ്മെൻറ സെക്രട്ടറി

ശ്രീ. എം. സി. തോമസ്, ഗവമ്മെൻറ സെക്രട്ടറി.

ശ്രീ. കെ. രാമുണ്ണിനായർ, ഗവമ്മെൻറ അഡീഷണൽ സെക്രട്ടറി

ശ്രീ. തോമസ് മാഞ്ഞൂരാൻ (സെക്രട്ടറിയും കമ്മററിയുടെ കൺവീനറും) മി. മാഞ്ഞൂരാൻ പേഷ്കാരായിപോയതിനുശേഷം മി. ജോർജ് തോമസാണ് കൺവീനർ.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ കമ്മിററികൾ രൂപീകരിച്ച് അവയുടെ അഭിപ്രായം അറിയുന്നതിനേക്കാൾ ഗവമ്മെൻറ അഭിപ്രായം പറയുകയല്ലേ സൗകര്യമായിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: അതും ഒരഭിപ്രായമാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എന്തെല്ലാം സംഗതികളാണ് ഗവമ്മെൻറ ഈ കമ്മിററിയുടെ അഭിപ്രായം ആരാഞ്ഞിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ചിടത്തോളം പിന്നോക്കസമുദായം, മുന്നോക്കസമുദായം ഇവ ഏതെല്ലാമാണെന്നും ഉദ്യോഗവിതരണസംബന്ധമായി ഏതെല്ലാം നിബന്ധന അംഗീകരിക്കണമെന്നും ഉള്ളതിനെ സംബന്ധിച്ചാണ് ഇപ്പോൾ നിയമം ഉണ്ടാക്കിട്ടുള്ളതു്. ഓരോ സമുദായത്തിനും അതാതു സമുദായത്തിലെ ജനസംഖ്യക്കനുസരിച്ചു ഉദ്യോഗം വിതരണംചെയ്യുന്നതിനുള്ള ക്രമം അംഗീകരിച്ചിരുന്നു. പിന്നോക്കസമുദായം എന്നപേരിൽ അറിയപ്പെടുന്ന സമുദായങ്ങൾ ഫീസ്സൗജന്യങ്ങൾ, ഗവമ്മെൻറിൽനിന്നും മററുതരത്തിൽ നൽകുന്ന ആനുകൂല്യങ്ങൾ ഇവയ്ക്കു അർഹമാണോയെന്നു

തിട്ടപ്പെടുത്തുന്നതിനാണ് ഇതിനെ നിയമിച്ചിട്ടുള്ളതു്. അല്ലാതെ ഉദ്യോഗനിയമനം സംബന്ധിച്ചുള്ളതല്ല. കാൺസ്റ്റിറ്റ്യൂഷനിലെ ൧൬-ാംവകുപ്പ് ൪-ാംഉപവകുപ്പ് അനുസരിച്ച് ഉദ്യോഗകാര്യങ്ങൾ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു് സംവരണവ്യവസ്ഥ വേണമെങ്കിൽ നിർദ്ദേശിക്കാൻ ഇൻഡ്യാ ഗവമ്മെൻറ സ്റ്റേററുഗവമ്മെണ്ടുകളെ അധികാരപ്പെടുത്തിയിട്ടുണ്ടു്. അതനുസരിച്ച് ഉദ്യോഗനിയമനകാര്യങ്ങളിൽ എതെല്ലാം സമുദായങ്ങൾ വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നുണ്ടോ അവയ്ക്കു സൗജന്യങ്ങൾ നല്കുന്നതിനുവേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനാണ് കമ്മിററിയെ നിയമിച്ചിട്ടുള്ളതു്. കമ്മിററി ഈ വിവരങ്ങൾ അന്വേഷിച്ചു റിപ്പോർട്ടുചെയ്യേണ്ടതാണു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പബ്ളിക്കസർവ്വീസിൽ ജനസംഖ്യാനുപാതികമായി ഉദ്യോഗം ലഭിക്കുന്നില്ലായെന്നുള്ള കാര്യവും അന്വേഷിക്കുന്നതിനു ഈ കമ്മിററിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതല്ല കാര്യം. സർവ്വീസിൽ ശതമാനം കണക്കാക്കി പ്രാതിനിധ്യം വളരെകുറഞ്ഞുവരുന്ന സമുദായങ്ങൾക്കു അവരുടെപ്രാതിനിധ്യം നിലനിറുത്തുന്നതിനാണ് വ്യവസ്ഥചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇതിൽ പൊതുജനാഭിപ്രായം അറിയണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: അതു് ആവശ്യമാണെന്നു വിചാരിക്കുന്നില്ല. സ്റ്റാറ്റിസ്റ്റിക്ക്സ് എടുക്കുകമാത്രമേ ചെയ്യുന്നുള്ളു.

ആസ്പത്രികളിൽ ഉപയോഗിക്കുന്ന പാൽ

*ന. ൦ (ന്ന) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) നമ്മുടെ ആശുപത്രികളിലെ രോഗികൾക്കായി പശുവിൻപാലിനുപകരം പാൽപൊടി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ആശുപത്രികളിൽ കൊടുക്കുന്ന പാലിൽ കൂടുതൽ ശതമാനം പശുവിൻപാലാണോ, പാൽപൊടിയിൽനിന്നുള്ളതാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) പശുവിൻപാൽ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഡയറിഫാമുകളിൽ ഉള്ള പാൽ എല്ലാം ഗവമ്മെൻറു വാങ്ങിച്ചിട്ടാണോ വിതരണം ചെയ്യുന്നതു്?

ശ്രീ. സി. കേശവൻ: അതെ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ചിലസ്ഥലത്തു് പാൽപൊടിയിൽ രോഗാണുക്കൾ കലർന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ വരാവുന്നതാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: തിരുവനന്തപുരത്തും മററു സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സംഘങ്ങളിൽനിന്നും ഉള്ള പാൽ മുഴുവനും ഡിപ്പാർട്ടുമെൻറിൽനിന്നും വാങ്ങിക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഡീറെറയിൽസ് അറിയാൻപാടില്ലെങ്കിലും കിട്ടുന്നപാൽ ഒക്കെ, ഗവമ്മെൻറു വാങ്ങിക്കുകയും അല്ലാത്തസ്ഥലത്തു് പാൽപൊടി വിതരണം ചെയ്യുകയും ആണു് ചെയ്യുന്നതു്.

ശ്രീ. കെ. എ. മാത്യു: അങ്ങനെ വാങ്ങിക്കുന്ന പാൽപ്പൊടി ചീത്തയായിപ്പോകാറുണ്ടെന്നു അറിയാമോ ?

ശ്രീ. സി. കേശവൻ: അങ്ങനെ വന്നേക്കാം.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. ഡയറിഫാമുകളിൽ ഉള്ള പാൽ മുഴുവനും വാങ്ങിക്കുന്നുണ്ടോ ?

ശ്രീ. സി. കേശവൻ: ഡയറിഫാം തിരുവനന്തപുരത്തുമാത്രമെ ഉള്ളു. അവിടെയുള്ള പാൽ മുഴുവനും വാങ്ങിക്കുന്നുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: പാലു് സുലഭമായി കിട്ടുന്നസ്ഥലത്തുപോലും അതുവാങ്ങിക്കാതെ പാൽപ്പൊടിവാങ്ങിച്ചു വിതരണംചെയ്യുന്നു എന്നറിയാമോ ?

ശ്രീ. സി. കേശവൻ: അതു് സുലഭം എന്നുള്ള വാക്കിന്റെ വ്യാഖ്യപോലെയിരിക്കും.

ശ്രീ. കെ. ആർ. ഇലങ്കത്തു്: തിരുവനന്തപുരത്തു് ഒരു ക്ഷീരവ്യവസായ സംഘം ഉണ്ടെന്നു പറഞ്ഞുവല്ലോ. അതു് ഒരു വ്യക്തിയുടെവകയാണെന്നു് അറിയാമോ ?

ശ്രീ. സി. കേശവൻ: അതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. എൻ. വി. ചാക്കോ: പാൽപ്പൊടി പാലിൽനിന്നും ഉണ്ടാക്കുന്നതാണോ അതോ വേറെ വല്ലതിൽനിന്നും ഉണ്ടാക്കുന്നതാണോ ?

ശ്രീ. സി. കേശവൻ: പാലിൽനിന്നുതന്നെയാണു് പാൽപ്പൊടി ഉണ്ടാക്കുന്നതു്.

ശ്രീ. ഏ. പി. ഉദയഭാനു: ഈ കാര്യംസംബന്ധിച്ചു ഡാക്ടർമാരുടെ അഭിപ്രായമെന്താണു് ?

ശ്രീ. സി. കേശവൻ: എന്റെ അറിവു് നല്ലപാലിന്റെ ൧൫ ശതമാനം ഗുണം പാൽപ്പൊടിക്കു ഉണ്ടെന്നാണു്. ഡാക്ടർമാരുടെ അഭിപ്രായം ചോദിച്ചിട്ടില്ല.

ലെവിസിസ്റ്റം

*നം ൧ (൧) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) ലെവിസിസ്റ്റപ്രകാരം നെല്ലെടുക്കുന്നതിൽനിന്നു എത്ര ഏക്കറുള്ള നിലം ഉടമസ്ഥന്മാരെയാണു് ഒഴിവാക്കിയിരിക്കുന്നതു് ;

(ബി) അര ഏക്കറിൽ കൂടുതലുള്ള ഇരുപ്പുകൃഷിക്കാരിൽനിന്നു് നെല്ലെടുക്കണമെന്നു ഗവമെന്റുത്തരവുണ്ടായിട്ടുണ്ടോ ?

ധനകാര്യവും, ഭക്ഷ്യവും, വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര)

(എ) ലെവിസമ്പ്രദായപ്രകാരം ഇതുവരെ ഒരേക്കറിൽ കുറവുള്ള എല്ലാകർഷകരേയും ഒഴിവാക്കിയിരുന്നു. എന്നാൽ ഈ കന്നികൊയ്ത്തുമുതൽ ഒരുപ്പൂനിലങ്ങളാണെങ്കിൽ ഒരേക്കറും അതിൽ കൂടുതലുംനിലമുള്ള കൃഷിക്കാരേയും ഇരുപ്പൂനിലങ്ങളാണെങ്കിൽ അര ഏക്കറും നിലമുള്ള കൃഷിക്കാരേയും ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഉണ്ടു്.

As the Member was absent, this question was put by Sri. K. Ramachandran with the permission of the chair

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: എത്ര കൂടുതൽ നെല്ല്, ഈ പദ്ധതികൊണ്ടു കിട്ടും?

ശ്രീ. കെ. എം. കോര: അതു് നോട്ടീസു കൂടാതെ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. പി. എം. വറുഗീസ്: അര ഏക്കറിൽ കൂടുതലുള്ള നിലങ്ങളിൽനിന്നും നെല്ല് എടുക്കാമെന്ന ഗവമ്മെൻറ് ഉത്തരവു പാസാക്കിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഉണ്ടു്.

ശ്രീ. പി. എം. വറുഗീസ്: ഇതു് അഡൈ്വസറി കമ്മററിയുടെ തീരുമാനപ്രകാരമാണോ?

ശ്രീ. കെ. എം. കോര: അതെ.

ശ്രീമതി ആനിമസ്ക്രീൻ: ഏതെങ്കിലും സക്കാർ ഉദ്യോഗസ്ഥനെ ഈ നിയമത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ശ്രീമതി. ആനിമസ്ക്രീൻ: അങ്ങനെ ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടെന്നു ഗവമ്മെൻറു ശ്രദ്ധയിൽ കൊണ്ടുവരുന്ന പക്ഷം അതിനെക്കുറിച്ചു് അന്വേഷിക്കാമോ?

ശ്രീ. കെ. എം. കോര: അന്വേഷിക്കാം.

ശ്രീ. സി. വി. ഇയ്യു: ഇങ്ങനെ ഒഴിവാക്കിയിട്ടുള്ളതു് നിലം ഉടമസ്ഥന്മാരെ ആണോ അതോ കർഷകരെ ആണോ?

ശ്രീ. കെ. എം. കോര: നിലമുടമസ്ഥന്മാരെ ആണു്.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിൽനിന്നു കാൽ ഏക്കർ നിലമുള്ള ആളുകളിൽനിന്നുപോലും നെല്ല് എടുത്തുവരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ. അങ്ങനെയാണെങ്കിൽ വേണ്ടതു ചെയ്യാം.

ശ്രീ. സി. വി. ഇയ്യു: തിരുവിതാംകൂർ വിഭാഗത്തിൽനിന്നും ൩, ൦ ൦ ൦ പറ നെല്ല് ഉള്ള ഉടമസ്ഥന്മാരിൽനിന്നുപോലും നെല്ല് എടുക്കുന്നില്ലായെന്നു അറിയാമോ?

ശ്രീ. കെ. എം. കോര: അതു ഗവമ്മെൻറ ശ്രദ്ധയിൽ പെട്ടിട്ടില്ല. അങ്ങനെയാണെങ്കിൽ അതിനെക്കുറിച്ചും അന്വേഷിക്കുന്നതാണ്.

Sri. K. Sivarama Pillai: Are the Government aware that paddy is being procured by compulsion from labourers who are not at all land-owners or agricuturists?

Sri. K. M. Korah: Government are not aware of that till now.

ശ്രീ. കെ. എ. മാത്യു: കൊച്ചിയിൽ നെല്ല് എടുക്കുന്നതിൻെറ ടാർജററ കുറച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: സ്വല്പം കുറച്ചിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: അതിൻെറ കാരണമെന്താണു്?

ശ്രീ. കെ. എം. കോര: അതു നോട്ടീസ്സു് കൂടാതെ പറയുവാൻ സാധിക്കുകയില്ല.

ശ്രീ. സി. വി. ഇയ്യു: ലവിസമ്പ്രദായം കൊച്ചിയിൽ ഇതുവരെ നടപ്പിൽ വന്നിട്ടില്ലായെന്നു അറിയാമോ?

ശ്രീ. കെ. എം. കോര: അറിയാൻ പാടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ചില സ്ഥലങ്ങളിൽ അര ഏക്കറിൽ കുറവുള്ള നിലം ഉടമസ്ഥന് ആ നിലത്തിൽനിന്നും വളരെ കൂടുതൽ നെല്ല് കിട്ടുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: കൂടുതൽ ഉണ്ടെങ്കിൽ മാത്രമെ എടുക്കുകയുള്ളു.

ശ്രീ. എൻ. വി. ചാക്കൊ: എക്കസ് ബേസസിൽ എടുത്തിരുന്നതിനേക്കാൾ കൂടുതലാണോ ഇപ്പോൾ കിട്ടിവരുന്നതു്?

ശ്രീ. കെ. എം. കോര: അതേ.

Sr. D. Gnanasigamony: May I know whether any bonus is being paid at the time of procurement of paddy?

Sri. K. M. Korah: Yes. That is the rule.

Sri. D. Gnanasigamony: Are the Government aware that no G. P. Tahsildar is paying this bonus?

Sri. K. M. Korah: If the hon. Member will bring to the notice of Government any such irregularity necessary steps will be taken.

Sri. D. Gnanasigamoni: Has it come to the notice of Government that many agriculturists refused to measure paddy unless this bonus is being paid?

Sri. K. M. Korah: Government are not aware of it.

Sri. K. Sivarama Pillai: Are the Government aware that bonus is denied in the Thovala Taluk?

Sri. K. M. Korah: Necessary action shall be taken if it is brought to the notice of Government.

ശ്രീ. എ. ജെ. പാച്ചുപിള്ള: ഒരേക്കർ സ്ഥലത്തുള്ള നെല്ല് എത്രയാണെന്ന് തിട്ടപ്പെടുത്തിയതിനുശേഷമാണോ എടുക്കുന്നതു്?

ശ്രീ. കെ. എം. കോര: അതേ.

നെയ്യാറണ പദ്ധതി

*൩൨. ‡(വ്യ) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നെയ്യാറണ പദ്ധതി ഗവമെന്റു അംഗീകരിക്കുവാനുള്ള കാരണങ്ങൾ എവ;

(ബി) ഈ പദ്ധതി എത്ര കൊല്ലംകൊണ്ടു് പൂർത്തിയാക്കാമെന്നും അതുകൊണ്ടു് എത്രമാത്രം കൃഷി വർദ്ധിപ്പിക്കാമെന്നും ആണ് കണക്കാക്കിയിരിക്കുന്നതു്;

(സി) ഈ പദ്ധതിക്ക് ആകെ വരുന്ന ചിലവ് എന്തു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) നെയ്യാറണപദ്ധതി സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടു വന്നതിനുശേഷം അനുവാദം നൽകുന്നതാണ്.

(ബി) ഈ പദ്ധതികൊണ്ടു് ൭൨,൦൦൦ ഏക്കർ സ്ഥലം പുതുതായി കൃഷിക്ക് ഉപയുക്തമാക്കിത്തീർക്കാമെന്നും കൂടാതെ ൭൨,൨൫൦ ഏക്കർ കൃഷിസ്ഥലം ഉണക്കിൽനിന്നും രക്ഷിക്കാമെന്നും കണക്കാക്കിയിരിക്കുന്നു. അണയുടെ പദ്ധതി എപ്പോൾ തീരുമെന്നു ഖണ്ഡിതമായി പറയുക സാദ്ധ്യമല്ല.

(സി) ഏകദേശം ൨൨൭ ലക്ഷം രൂപ.

‡ As the member was absent, this question was put by Sri. K. Ramachandran with the permission of the Chair,

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ഇപ്പോഴത്തെ പ്ലാൻ അനുസരിച്ചു എത്ര കൊല്ലംകൊണ്ടു് ഇതു ചെയ്തു തീർക്കണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതു തീർച്ചയായി പറയാൻ നിവൃത്തിയില്ല. മൂന്നുകൊല്ലംകൊണ്ടു് തീർക്കാമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതുവരെ ഈ പദ്ധതിക്കുവേണ്ടി എന്തു തുക ചിലവാക്കിയിട്ടുണ്ടു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിനു നോട്ടീസ് വേണം.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇതു് ഒരു കൃഷിസേചന പദ്ധതി മാത്രമാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതേ.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇതിൽ ഇലക്ട്രിസിറ്റി പദ്ധതികൂടി ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

Sri. D. Gnanasigamoni: May I know whether it is mere propaganda?

ശ്രീ. സി. കേശവൻ: ഈ പദ്ധതി തുടങ്ങിയതു് ഒരു പൊളിറ്റിക്കൽ സ്റ്റണ്ടു് ആയിട്ടാണോ എന്നാണു് ഈ ചോദ്യത്തിന്റെ അർത്ഥം. നെയ്യാർ സ്കീം ആദ്യത്തെ എസ്റ്റിമേറ്റിൻപ്രകാരം ഒരുകോടി ഇരുപത്തിയഞ്ചുലക്ഷം രൂപാ ചിലവു ചെയ്തു നടപ്പിൽ വരുത്തണമെന്നാണു് ഉദ്ദേശിച്ചതു്. ഒരു റഫ് എസ്റ്റിമേറ്റനുസരിച്ചാണു് ഇത്രയും തുക മതിയാകുമെന്നു കണക്കാക്കപ്പെട്ടതു്. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യാ ഗവർമ്മെന്റും ഇൻഡ്യാ ഗവർമ്മെന്റിന്റെ പ്ലാനിംഗ് കമ്മീഷനുമായി ഈ പദ്ധതിയെപ്പറ്റി ആലോചിച്ചു. അതിന്റെ ഫലമായി ഇൻഡ്യാ ഗവർമ്മെന്റു് ധനസഹായം ചെയ്യാനുള്ള സ്കീമുകളുടെ കൂട്ടത്തിൽ ഇതുംകൂടി ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ടു്. ആ സമയത്തു് ഒരു കോടി ഇരുപത്തിഅഞ്ചുലക്ഷം രൂപയുടെ സ്കീം ആണു് ഇവിടെ ആസൂത്രണം ചെയ്യപ്പെട്ടിരുന്നതു്. ആ തുക ആദ്യത്തെ സ്റ്റേജിലെ പണിക്കു് മതിയാകുമെന്നു കാണുന്നതുകൊണ്ടു് അതിന്റെ സർവ്വേയും പ്രാരംഭ നടപടികളും തൽക്കാലം ഈ തുക ചിലവുചെയ്തു നടത്താമെന്നാണു ഗവർമ്മെന്റു തീരുമാനിച്ചതു്. നടപടികൾ നടന്നുവരികയാണു്. ഇതിലേക്കു കാര്യമായ തുകയൊന്നും ചിലവാക്കിയിട്ടില്ല. അല്ലാതെ ഇതിൽ ഒരു പൊളിറ്റിക്കൽ സ്റ്റണ്ടോ കൺകെട്ടുവിദ്യയോ ഒന്നുമില്ല.

Sri. D. Gnanasigamoni: May I know whether the major expenses are practically met by the Government of India?

Sri. C. Kesavan: Not the major expenses. Under the Planing Commission Rules these will be subsidised by the Government of India.

Sri. K. P. Nilakanta Pillai: As the Chief Minister has intervened in the discussion, may I ask whether that dam is not a double Scheme to produce electricity also?

Sri. C. Kesavan: No; It is not. It is purely an irrigation scheme.

ശ്രീ. കെ. രാമചന്ദ്രൻ: അടുത്ത എലക്ഷനു മുമ്പു് ഈ പദ്ധതി ആരംഭിക്കുമെന്നു പ്രതീക്ഷിക്കാമോ?

ശ്രീ. സി. കേശവൻ : ഇവിടെ ഒരു എൻജിനീയറിംഗ് ഡിവിഷൻ തന്നെ വച്ചിട്ടുണ്ട്. വളരെ തഴക്കവും പഴക്കവും ഉള്ള ഒരു എക്സിക്യൂട്ടീവ് എൻജിനീയറേയും നിയമിച്ചിട്ടുണ്ട്. അതിന്റെ ഡീററയിൽ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്.

Sri. A. Thanu Pillai: May I know what is the kind of dam contemplated?

ശ്രീ. സി. കേശവൻ : വെള്ളം തടഞ്ഞു നിറുത്തി ഇറിഗേഷൻ ചെയ്യാനുള്ള ഡാമാണ്. കല്ലുകൊണ്ട് കെട്ടണമെന്നാണ് ഇപ്പോൾ തീരുമാനിച്ചത്.

ശ്രീ. എ. താണുപിള്ള : ഇതിനുമുമ്പ് അതു് മണ്ണുകൊണ്ട് കെട്ടണമെന്നല്ലേ തീരുമാനിച്ചിരുന്നതു് ?

ശ്രീ. സി. കേശവൻ : ആദ്യം അങ്ങനെയാണ് തീരുമാനിച്ചതു്.

അരിവില്പന

*൩൩. †(൩) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൧ ജൂലായ് വരെ അരിവില്പനയിൽ തിരുവിതാംകൂർ—കൊച്ചി ഗവമ്മെൻറിനുണ്ടായിട്ടുള്ള നഷ്ടം എത്ര ലക്ഷം രൂപാ ആണ് ;

(ബി) ഈ നഷ്ടപരിഹാരാർത്ഥം ഗവമ്മെൻറ സ്വീകരിച്ച നടപടി എന്തെല്ലാം ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ൧൯൫൧ ജൂലൈ അവസാനംവരെ ഉദ്ദേശം മൂന്നുകോടി മുപ്പതുലക്ഷം രൂപാ നഷ്ടമുണ്ടായിരിക്കണം.

(ബി) നഷ്ടത്തിന്റെ ഒരു ഭാഗം കേന്ദ്രഗവമ്മെൻറ് സബ്സിഡികൊണ്ട് പരിഹരിക്കപ്പെടുന്നു. കേന്ദ്ര സബ്സിഡി കൂടികിട്ടേണ്ട കാര്യത്തിൽ ഗവർമ്മെൻറ വളരെ പരിശ്രമിച്ചിട്ടുണ്ട്. അതിന്റെ ഫലമായി കേന്ദ്രഗവർമ്മെൻറ് ആദ്യം അനുവദിച്ചിരുന്ന തുകയിൽ ഗണ്യമായ ഒരു വർദ്ധനവു വരുത്തിയിട്ടുണ്ട്. അരിവിതരണത്തിലുള്ള നഷ്ടം മുഴവനും പൊതുജനങ്ങൾക്ക് വിഷമം നേരിടാതെ പരിഹരിക്കത്തക്കതല്ലാത്തതുകൊണ്ട് ഇതിലേക്ക് പ്രത്യേക നടപടികളൊന്നും ഇതുവരെ ഗവമ്മെൻറ് എടുത്തിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ : ഇവിടെ മരച്ചീനി ധാരാളമായി ഉല്പാദിപ്പിക്കപ്പെടുന്നതുകൊണ്ട് കൂടുതൽ സബ്സിഡി ചോദിക്കാൻ അവകാശമില്ലെന്ന് ഇൻഡ്യാഗവർമ്മെൻറ് ഈ ഗവർമ്മെൻറിനെ അറിയിച്ചതായി പേപ്പറിൽ കണ്ടതു ശരിയാണോ?

ശ്രീ. കെ. എം. കോര : അല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇപ്പോൾ തന്നുകൊണ്ടിരിക്കുന്ന സബ്സിഡി തീരെ അപര്യാപ്തമായതുകൊണ്ട് സബ്സിഡി വർദ്ധിപ്പിക്കണമെന്നു വീണ്ടും ഇൻഡ്യാഗവമ്മെൻറിന്റെ അടുക്കൽ നിവേദനം നടത്തണമെന്നു ഗവമ്മെൻറ വിചാരിക്കുന്നുണ്ടോ ?

---

†As the Member was absent, this question was put by Sri. K. Ramachandran with the permission of the Chair.

ശ്രീ. കെ. എം. കോര: ഗവർമ്മെൻറ സർവ്വശക്തിയുമുപയോഗിച്ച് കൂടുതൽ സബ്സിഡി ലഭിക്കുവാൻ ഇൻഡ്യാഗവർമ്മെൻറിനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

Sri. P. S. Nataraja Pillai: May I know the actual amount promised as subsidy by the Government of India?

Sri. K. M. Korah: 288 and odd lakhs of rupees.

Sri. Eapen Arakkal: May I know the amount available from the Government of India?

Sri. K. M. Korah: That is what I said just now.

Sri. P. S. Nataraja Pillai: Is it not the loss of this budget year?

Sri. K. M. Korah: It is from January up to the end of July.

ശ്രീ. ഈപ്പൻ അറക്കൽ: ഈ നഷ്ടം ൧൯൫൦-ൽ ഉണ്ടായ നഷ്ടമാണോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ നഷ്ടം പരിഹരിക്കുവാൻ വേണ്ടി അരിയുടെ വില കൂട്ടണമെന്നു ഇൻഡ്യാഗവർമ്മെൻറിൽ നിന്നും വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതുസംബന്ധിച്ചും ചില ഡയറക്ഷൻസ് കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിനെപ്പററി ഗവർമ്മെൻറ് എന്തു ചെയ്യുവാനാണ് തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. കെ. എം. കോര: ആലോചിച്ചുകൊണ്ടിരിക്കുന്നു.

Sri. N. D. Jose: What is the nature of the directions that have been received from the Government of India?

Sri. K. M. Korah: As in other States and Provinces the price of rice should be raised.

മെഡിക്കൽ കോളേജിലെ തെരഞ്ഞെടുപ്പ്

*നം ൪. (൧൦) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിക്ക് വെളിയിലുള്ള മെഡിക്കൽ കോളേജുകളിലേക്ക് തിരഞ്ഞെടുത്തയക്കപ്പെട്ടിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങിനെ എന്ന് പറയുവാൻ ദയവുണ്ടാകുമോ;

(ബി) തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കോളേജിൽ പട്ടികജാതിക്കാർക്ക് എത്ര സീററ റിസർവ്വ് ചെയ്തു എന്നും, അവരിൽ എത്ര അപേക്ഷകർ ഉണ്ടായിരുന്നു എന്നും, പ്രവേശനം എത്രപേർക്ക് നൽകി എന്നും പറയുവാൻ ദയവുണ്ടാകുമോ;

(സി) മെഡിക്കൽ കോളേജിൽ ഈ വർഷം എത്രപേർക്ക് പ്രവേശനം നൽകി എന്നും അവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങിനെയെന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ)	കാൽഡിയൻ സിറിയൻ ക്രിസ്ത്യൻ	൧
	ഈഴവൻ	൧
	നായർ	൧

(ബി) പട്ടികജാതിക്കാർക്കും പിന്നോക്ക സമുദായക്കാക്കും കൂടെ ൫ സീററ സംവരണം ചെയ്തിരുന്നു. യോഗ്യതയുടെ മാനദണ്ഡത്തിൽ പ്രാതിനിദ്ധ്യ കുറവുവന്ന സമുദായങ്ങളെ ഉദ്ദേശിച്ച് ൧൫ സീററുകൂടെ പിന്നീട സംവരണം ചെയ്തു. ആദ്യത്തെ ൫ സീററിന് ഉദ്ദേശിച്ചിരുന്ന സമുദായങ്ങളിൽനിന്നു ൯ അപേക്ഷകർ ഉണ്ടായിരുന്നു. ൫ പേക്ക് പ്രവേശനം നൽകി.

(സി) ൬൦ പേക്ക്. അവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ്:

മുസ്ലീം	൩
നായർ	൧൫
ബ്രാഹ്മണർ	൪
റോമൻ കത്തോലിക്കർ	൭
യാക്കോബൈററ്	൪
ആംഗ്ലിക്കൻ	൨
എസ്സ്. ഐ. യു. സി.	൧
മാർത്തോമ്മൈററ്	൩
ലാററിൻ കത്തോലിക്കർ	൩
ഈഴവൻ	൧൦
മററ ഹിന്ദു	൧
കമ്മാളൻ	൧
നാടാർ	൧
പുലയർ	൧
ചേരമർകൃസ്ത്യൻ	൧
വാലൻ	൧
അരയൻ	൧
ക്ഷുരകൻ	൧
	൬൦

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ൧൫ സീററ് സംവരണം ചെയ്തു എന്നു പറയുന്നതു് ഏതെല്ലാം സമുദായങ്ങളെ ഉദ്ദേശിച്ചാണ്?

ശ്രീ. സി. കേശവൻ: ഉദ്യോഗകാര്യത്തിൽ പിന്നോക്കം നിൽക്കുന്നു എന്നു ഗവമ്മെൻറിനു തോന്നിയിട്ടുള്ള സമുദായങ്ങളെ ഉദ്ദേശിച്ച്.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: പട്ടിക ജാതിക്കാക്കും മററ പിന്നോക്ക സമുദായക്കാക്കുംകൂടി ഒരുമിച്ച് ഈ സീററുകൾ കണക്കാക്കുവാനുള്ള കാരണമെന്താണ്?

ശ്രീ. സി. കേശവൻ: വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായക്കാർക്കാണു ഈ സീററുകൾ സംവരണം ചെയ്തിട്ടുള്ളതു്. അതിൽ പട്ടിക ജാതിക്കാരും ഉൾപ്പെടും.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മേലാലെങ്കിലും പട്ടിക ജാതിക്കാക്ക് പ്രത്യേകം സംവരണം ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: മേലാലുള്ള കാര്യങ്ങൾ അപ്പോഴുള്ള ഗുണമനുസരിച്ചു ചെയ്യുന്നതാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: സീററുകൾ ഇങ്ങനെ ഒരുമിച്ചു സംവരണം ചെയ്യുന്നതുകൊണ്ട് പിന്നോക്ക സമുദായക്കാരിൽ വിദ്യാഭ്യാസവിഷയ

ത്തിൽ മുന്നോക്കം നിൽക്കുന്ന ചില പ്രത്യേക സമുദായങ്ങൾക്കു് കൂടുതൽ ആനുകൂല്യം ലഭിക്കുന്നുണ്ടെന്നു ഗവമ്മെൻറിനു് അറിയാമോ?

ശ്രീ. സി. കേശവൻ: അതേപ്പററി ഗവമ്മെൻറ പ്രത്യേകം നോക്കുന്നുണ്ടു്. ഒരു തരത്തിലും പട്ടിക ജാതിക്കാർക്കു കിട്ടേണ്ട ആനുകൂല്യം ഇതുകൊണ്ടു നഷ്ടപ്പെടുന്നതല്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: പട്ടിക ജാതിക്കാരിൽ നിന്നും ൯ അപേക്ഷകൾ ഉണ്ടായിരുന്നിട്ടു് അവരിൽ ഒന്നോ രണ്ടോ പേർക്കല്ലാതെ പ്രവേശനം ലഭിച്ചിട്ടില്ലെന്നുള്ളതു അറിയാമോ?

ശ്രീ. സി. കേശവൻ: അതു ശരിയല്ല. ൭ പേക്കു് പ്രവേശനം സിദ്ധിച്ചിട്ടുണ്ടു്.

Sri. K. Sivarama Pillai: Are the Government aware that no candidate was selected either from Tovala or Agastiswaram?

ശ്രീ. സി. കേശവൻ: ഭൂമിശാസ്ത്രപരമായി സീററുകൾ സംവരണം ചെയ്തിട്ടില്ല.

Sri. K. Sivarama Pillai: If communal considerations are taken, has any community been omitted?

ശ്രീ. സി. കേശവൻ: അതു് അപേക്ഷ വരുന്നതിനെക്കൂടി പരിഗണിച്ചു നിശ്ചയിക്കേണ്ടതാണു്. എല്ലാ സമുദായങ്ങളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിൽ അങ്ങനെ തീരുമാനിക്കാം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ൭ സീററുകൾ പട്ടിക ജാതിക്കാക്കു് കൊടുത്തു എന്നു പറഞ്ഞല്ലോ. ഏതെല്ലാം സമുദായങ്ങൾക്കാണു കൊടുത്തിട്ടുള്ളതു്

ശ്രീ. സി. കേശവൻ: നാടാർ, പുലയൻ, ചേരമർ ക്രിസ്ത്യൻ, വാലൻ, ക്ഷുരകൻ.

ശ്രീ. സി. വി. ഇല്ലു: പഴയ കൊച്ചി വിഭാഗത്തിൽനിന്നും ഉദ്ദേശം എത്ര വിദ്യാർത്ഥികൾക്കു് പ്രവേശനം കിട്ടിയുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: നോക്കിയിട്ടില്ല.

ஸ்ரீ. ஆர். கே. ராம்: *திருவிதாங்கூர் தமிழ் நாட்டிலிருந்து எத்தனை அபேட்சைகள் வந்தது? அதிலிருந்து எவ்வளவு பேர்கள் எடுக்கப்பட்டிருக்கிறார்கள்?*

ശ്രീ. സി. കേശവൻ: അങ്ങനെ ഒരു വിഭജനം ചെയ്തിട്ടില്ല.

Sri. R. K. Ram: May I know how many candidates applied from Tamil Nad?

ശ്രീ. സി. കേശവൻ: റീജിയണൽ ആയിട്ടു് തമിഴ് നാടു് എവിടെയാണെന്നു വ്യാഖ്യാനിക്കത്തക്ക യാതൊരു രേഖയും ഗവമ്മെൻറിനില്ല.

Sri. R. K. Ram: Sir, on a point of order. Is it in order to give such an answer by the Chief Minister?

Sri. C. Kesavan: I believe I was plain enough. തമിഴ്നാടു് ഏതാണെന്നു ഗവമ്മെൻറിനു് അറിവില്ല.

Sri. R. K. Ram: I want to know whether there is not a candidate in the southernmost parts of Travancore who is qualified for admisson to the Medical College?

Sri. C. Kesavan: That question does not arise. There is no geographical division by the name of "Tamil Nad"

അവശസമുദായ ക്രിസ്ത്യാനികൾ

* ൩൭. (൧൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൪൯ ഒക്ടോബർ ൧൦-ാം൹ കൂടിയ പിന്നോക്ക സമുദായ അഡ്വൈസറി കമ്മിററിയിൽ അവശസമുദായ ക്രിസ്ത്യാനികൾക്കു പിന്നോക്ക സമുദായ സംരക്ഷക ഡിപ്പാർട്ടുമെൻറിൽനിന്നും സഹായധനം നൽകേണ്ടതില്ലെന്നു തീരുമാനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു നടപ്പിൽ വന്നിട്ടുണ്ടോ; അതേപ്പററി പുനഃപരിശോധന ചെയ്തിട്ടുണ്ടോ;

(ബി) ൧൯൫൧ ജൂൺ ൩൦-ാം൹-ൽ കൂടിയ അഡ്വൈസറി കമ്മിററി പാസ്സാക്കപ്പെട്ട, റീകൺവർഷൻ ചെയ്യുന്നവർക്കു ക്ലിപ്തകാലത്തേക്കു സൗജന്യം നൽകാൻ പാടില്ലെന്നു ചെയ്ത, തീരുമാനം പുനഃപരിശോധന ചെയ്യണമെന്നു ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ലഭിക്കാവുന്ന എന്തെങ്കിലും സൗജന്യങ്ങൾ—പ്രാതിനിധ്യം—അവശസമുദായ ക്രിസ്ത്യാനികൾക്കു ലഭിക്കുന്നതിനു എന്തെങ്കിലും വ്യവസ്ഥ ഇന്നു നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) അങ്ങനെ ഒരു തീരുമാനമുണ്ടായിട്ടില്ല.

(ബി) അഡ്വൈസറി കമ്മിററിയിൽനിന്നും ഒരു ഉപദേശം നിശ്ചയരൂപേണ ഗവമ്മെൻറിലേക്കു അയച്ചിട്ടുണ്ടു. ആ നിശ്ചയം അംഗീകരിക്കത്തക്കതല്ലെന്നു ഗവമ്മെൻറ തീരുമാനിച്ചു.

(സി) അങ്ങനെ, അവശസമുദായ ക്രിസ്ത്യാനികൾക്കു പ്രത്യേകമായ വ്യവസ്ഥകളൊന്നുമില്ല. വിദ്യാഭ്യാസ സംബന്ധമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ കൂട്ടത്തിൽ അവരേയുംകൂടി ഉൾപ്പെടുത്തി അവർക്കും ഫീസ് സൗജന്യത്തിനു അവകാശപ്പെടാമെന്നു ഗവമ്മെൻറ തീരുമാനിച്ചിട്ടുണ്ടു. അതനുവദിക്കുന്നുമുണ്ടു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഫീസ് സൗജന്യവിഷയത്തിൽ പിന്നോക്ക സമുദായമായി എതെങ്കിലും സമുദായത്തെ പരിഗണിക്കുന്നതു എന്തടിസ്ഥാനത്തിലാണു?

ശ്രീ. സി. കേശവൻ: പ്രധാനമായി അഡ്വൈസറി ബോർഡിൻെറ ഉപദേശം അനുസരിച്ചാണു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ വിദ്യാഭ്യാസ സൗജന്യങ്ങൾ നൽകണമെന്നു നിശ്ചയിക്കുന്നതു എതടിസ്ഥാനത്തിലാണു?

ശ്രീ. സി. കേശവൻ: ജനങ്ങളുടെ സാമ്പത്തികവും, സാമുദായികവും, സാമൂഹ്യവുമായ പരാധീനതകളെ നോക്കിയാണു നിശ്ചയിക്കുന്നതു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവരുടെ ജനസംഖ്യ നോക്കിയല്ലേ നിശ്ചയിക്കുന്നതു?

ശ്രീ. സി. കേശവൻ: ജനസംഖ്യ കൂടിയവർക്കു കൂടുതലും കുറവുള്ള സമുദായങ്ങൾക്കു കുറവായും ലഭിക്കും.

ആലപ്പുഴ—ചേർത്തല തോട്

* ൩൬. (൧൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ—ചേർത്തല തോടുപണി ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനു കാരണം;

(സി) പണി പൂർത്തിയാകായ്ക നിമിത്തം തോടിന്റെ ഇരുവശവും ഉള്ള നിലം പുരയിടങ്ങൾക്ക് നഷ്ടവും നാശവും ഉണ്ടായിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ?

പൊതുമരാമത്തുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ട്.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോൾ അവിടെ ജോലി നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു ജോലിയാണു നടക്കുന്നതെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: തോട്ടിലെ മണ്ണു മാറ്റുന്ന ജോലിയാണു നടക്കുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോൾ ഡ്രഡ്ജർ അവിടെ ജോലി ചെയ്യുന്നില്ലെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: രണ്ടു ദിവസമായി ആ ഡ്രഡ്ജർ ജോലി ചെയ്യുന്നില്ല. അതിന്റെ ഷാഫ്റ്റ് കേടുവന്നതുമൂലമാണു്. അതു നന്നാക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആ തോടു വെട്ടുന്നതിലേക്ക് എത്ര രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇതുവരെ ആറു ലക്ഷം രൂപാ ചിലവായിട്ടുണ്ട്. ഇനി ഏഴു ലക്ഷം രൂപാകൂടി വേണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഈ പണി എന്നു പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. Eapen Arakkal: Do the Government know that an assurance has been given on the floor of this House that the canal would be ready for opening by the end of 1952?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ൧൯൫൨ ആയില്ലല്ലോ.

Sri. Eapen Arakkal: I want to know from the hon. Minister whether an assurance has been given on the floor of this House by the Government?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതു ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാമല്ലോ.

ശ്രീ. എ. താണുപിള്ള: ഇവിടത്തെ പ്രൊസീഡിംഗ്സ് എല്ലാം രേഖപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അങ്ങിനെ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളെപ്പറ്റി വീണ്ടും ചോദ്യം ചോദിക്കുന്നതു ശരിയാണോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: അതു ശരിയല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ തോടു കുഴിക്കുന്നതിനുള്ള ആവശ്യം നേരിട്ടതു് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ചോദ്യത്തിനുത്തരം പറയേണ്ട ആവശ്യമുണ്ടോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: വളരെ അത്യാവശ്യമാണു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കൃഷിക്കു വളരെ ആവശ്യമാണെന്നും തോടു കുഴിക്കാതിരുന്നാൽ കൃഷിക്കു വളരെ ദൂഷ്യമുണ്ടെന്നു് അടുത്തുള്ള നിലമുടമസ്ഥന്മാരിൽ നിന്നും പരാതികൾ ലഭിച്ചതുകൊണ്ടും ജനങ്ങൾക്കു സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും വേണ്ടിയാണു് തോടു വെട്ടു തുടങ്ങിയതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: കൃഷിയുടെ ഉപയോഗത്തിനാണോ ഈ തോടു വെട്ടിയതു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കൃഷിയുടെ ഉപയോഗത്തിനും കൂടിയാണു്.

Sri. P. Balakrishnan Tampi: Is the Government aware that for providing safe passage during monsoon between Alleppey and Cochin Harbour, it was found essential that there should be a short cut and that therefore it was that it was started by the Government?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതും ഒരു കാര്യമാണു്.

MISAPPROPRIATION OF MONEY FROM THE INSURANCE DEPARTMENT

*37. (13) **Sri. Paul Thaliat:** Will the hon. Minister for Finance be pleased to state.—

(*a*) whether it is a fact that there has been misappropriation of money from the Insurance Department of the Government;

(*b*) if the answer to (a) is in the affirmative, the amount involved in such misappropriation;

(*c*) if the answer to (a) is in the negative, whether it has come to the notice of the Government the leading article in *Manorama* dated 9th June 1951, regarding the misappropriation of funds from the Insurance Department; and

(*d*) if the answer to (a) is in the affirmative, the name of the officer responsible for misappropriation and the nature of the action taken in the matter?

Minister for Finance and Food (**Sri. K. M. Korah**):

(*a*) There was one case of falsification of accounts by giving wrong credits to policy-holders, but there was no actual misappropriation of money from the Department.

(*b*) The amount involved is about Rs. 2,500.

(*c*) Does not arise in view of the answer to (a);

(*d*) The officer concerned is Sri. P. Sankarasubba Iyer, Examiner. He has been placed under suspension pending enquiry and the enquiry is nearing completion. There is no loss either to Government or to policy-holders. The final punishment to be given is under the consideration of Government.

ശ്രീ. പോൾ തളിയത്തു്: എന്നാണീ എൻക്വയറി തുടങ്ങിയതു് എന്നു പറയാമോ?

Sri. K. M. Korah: Nearly three months ago.

ശ്രീ. പോൾ തളിയത്തു്: എന്നാണീ എൻക്വയറി കംപ്ലീറ്റു ചെയ്യുക?

Sri. K. M. Korah: The enquiry is not yet complete.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പണം വാങ്ങുന്ന മാസത്തിൽതന്നെ അതു അക്കൗണ്ടിൽ ക്രെഡിററ ചെയ്തിട്ടുണ്ടോ?

Sri. K. M. Korah: I do not exactly remember the exact days, but it took a few days only.

ശ്രീ. പോൾ തളിയത്തു്: ഇതു കണ്ടുപിടിച്ചതു് ഏതു ഉദ്യോഗസ്ഥനാണെന്നു പറയാമോ?

Sri. K. M. Korah: An officer in the Insurance Department.

ശ്രീ. പോൾ തളിയത്തു്: ഏതാഫീസറാണു് ഇതു കണ്ടുപിടിച്ചതു്?

ശ്രീ. കെ. എം. കോര: ആരാണു കണ്ടുപിടിച്ചതെന്നു അറിയണമെന്നുണ്ടെങ്കിൽ അതു ചോദിച്ചു പറയാം.

PARUR TALUK FOOD AND CONTROL MEASURES COMMITTEE

*38. (14) **Sri. Paul Thaliat:** Will the hon. Minister for Food be pleased to state.—

(*a*) whether the Parur Taluk Food and Control Measures Committee is still functioning;

(*b*) if so, the date on which the last meeting of this Committee was held;

(*c*) the number of meetings held from its constitution till 20—8—1951; and

(*d*) whether any meeting has been held since the textile control was introduced recently?

Minister for Finance and Food **(Sri. K. M. Korah):**

I am sorry the answer is not ready.

PENSION

*39. (15) **Sri. Paul Thaliat:** Will the hon. Minister for Finance be pleased to state.—

(*a*) whether there are any officers drawing more than Rs. 100 who retired a year or more before, but whose pension has not been sanctioned yet;

(*b*) the names of such officers, if the answer to (a) is in the affirmative; and

(*c*) the reasons for the delay in each case?

Minister for Finance and Food **(Sri. K. M. Korah):**

(*a*) Yes.

(*b*) The necessary information has to be collected from the Heads of Depart ments and they have already been addressed. From the replies so far received, it is seen that the following cases are pending.—

(1) Electricity Department. Sri. S. Harihara Iyer, Retired Store Keeper, Alleppy.

(2) Department of Controlled Commodities. Sri. S. Kochukrishna Pillai.

(3) Department ot Public Instruction. Sry. V. K. Droupathy Amma, Headmistress, V. G. S., Trichur.

Sri. K. I. Varghese, Inspector of Primary and Middle Schools, Mullappally.

Sri. T. K. Karunakara Menon, Second Grade Teacher, Edappally.

(4) Board of Revenue. (Kottayam District).

Sri. T. J. Zacharia. First Class Magistrate;

Sri. M. M. Mathew, Sheristadar,

(c) (1) Sri. S. Harihara Iyer—Pension pending due to the non-settlement of liabilities. Anticipatory pension has already been sanctioned.

(2) Sri. S. Kochukrishna Pillai—Pension papers have already been forwarded to the Accountant-General for audit and transmission to Government for sanction.

(3) Sry. V. K. Droupathy Amma—Non-settlement of liabilities—anticipatory pension has already been sanctioned.

(4) Sri. K. I. Varghese—Awaiting revised orders of Government as regards date of retirement. Anticipatory pension hss been sanctioned.

(5) Sri. T. K. Karunakara Menon—Pension papers have already been forwarded to the Account-General for verification and transmission to Government for sanction.

(6) Sri. T. J. Zacharia—Non-settlement of liabilities.

(7) Sri. M. M. Mathew—Non-settlement of liabilities.

ശ്രീ. പോൾ തളിയത്ത്: അവർക്ക് പെൻഷൻ കിട്ടുന്നതിനു താമസം നേരിടുന്നതുമൂലം ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാമോ?

ശ്രീ. കെ. എം. കോര: ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാം.

ശ്രീ. പോൾ തളിയത്ത്: കഴിയുന്നതും വേഗം അവർക്ക് അതു അനുവദിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: കഴിയുന്നതുംവേഗം കൊടുക്കാൻ ശ്രമിക്കാം. മാത്രമല്ല അവർക്ക് ആൻറിസിപ്പേററി പെൻഷൻ കൊടുക്കുന്നുമുണ്ട്.

ശ്രീ. കെ. എം. മാത്യു: എന്തുകൊണ്ടാണിത്രയും കാലതാമസം നേരിടുന്നത്?

ശ്രീ. കെ. എം. കോര: കുറെകാലതാമസം വന്നുപോയി. ആവരുടെ ലയബിലിററീസും മററും സെററിൽ ചെയ്തതിനുശേഷമേ ഇതനുവദിക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. എം. മാത്യു: അവർപെൻഷൻ പററുന്നതിനു മുമ്പായി ഇതെല്ലാം സെററിൽ ചെയ്താൽ ഇത്രയും കാലതാമസമുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അതു ശരിയായ ഒരു നടപടിയല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഒരു കൊല്ലത്തിനകം പെൻഷൻഅനുവദിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: കൊടുത്തിട്ടുണ്ട്. ഇനിയും ഒരു കൊല്ലത്തിനു മുൻപു തന്നെ കൊടുക്കാൻ ശ്രമിക്കുന്നതാണ്.

COMMUNISM

*40. (16) **Sri. D. Gnanasigamoni:** Will the hon. the Chief Minister be pleased to state.—

(a) whether any steps have been taken to counteract the spread of communism in the State;

(b) if so, what steps; and

(c) the centres of communist activities in the State?

Chief Minister **(Sri. C. Kesavan):**

(a) Yes.

(b) It is not in the public interest to disclose the steps taken.

(സി) അങ്ങനെ കേന്ദ്രങ്ങൾ എന്നു പറയത്തക്കവണ്ണം പ്രത്യേക സ്ഥാനങ്ങളില്ല.

Sri. D. Gnanasigamoni: Is there a ban now on the Communist Party?

Sri. C. Kesavan: Yes; there is a ban.

Sri. D. Gnanasigamoni: May I know how long this has been in force?

Sri. C. Kesavan: So long as the party is indulging in subversive activities.

Sri. D. Gnanasigamoni: How long has that ban been in force?

Sri. C. Kesavan: I claim notice.

Sri. D. Gnanasigamoni: Is it proposed to continue the ban?

Sri. C. Kesavan: Government do not find their way to lift the ban at present.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കമ്മ്യൂണിസ്റ്റുകാർ സബ്‌വേഴ്സീവ് ആക്ടിവിറ്റീസിൽ പങ്ക് എടുക്കുന്നതായി എന്തെങ്കിലും തെളിവുകൾ ഉണ്ടോ?

ശ്രീ. സി. കേശവൻ: ധാരാളം തെളിവുകൾ ഉണ്ടോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതെന്തെല്ലാമാണെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: അവ എന്തെല്ലാമാണെന്ന് ഗവൺമെന്റിൽനിന്നും അപ്പോഴപ്പോൾ പബ്ലിഷ് ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവർ കൊലപാതകമോ മറ്റോ ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: സബ്‌വേഴ്സീവ് ആക്ടിവിറ്റീസ് എന്നു പറഞ്ഞാൽ കൊലപാതകം മാത്രമല്ല. ഒരു നിയമം പാലിക്കാതെയും നടപ്പിലാക്കാൻ സാധിക്കാതെ തടസ്ഥപ്പെടുത്തുന്നതും സബ്‌വേഴ്സീവ് ആണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിനെ തടയുന്നതിനു നടപടികൾ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: അതിലേക്ക് ചോദ്യകർത്താവ് ആവശ്യപ്പെട്ടിരിക്കുന്നതുപോലെ ആപത്തുകൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്.

Sri. D. Gnanasigamoni: Have the Government tried to find out the objectives of the communist party?

Sri. C. Kesavan: I am not prepared to discuss the principles governing the communist party.

Sri. N. D. Jose: Does the Government propose to lift the ban on the communist party before the coming general elections?

ശ്രീ. സി. കേശവൻ: അതു തീരുമാനിച്ചിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ: കാൺഗ്രസ് പാർട്ടിയിൽനിന്നും ജനങ്ങൾക്ക് ആപത്തു നേരിടാതെയിരിക്കുന്നതിന് വല്ല നടപടിയും ഗവൺമെന്റ് എടുത്തിട്ടുണ്ടോ?

Mr. Deputy Speaker: That question is disallowed.

ശ്രീ. വി. ഗംഗാധരൻനായർ: അടുത്തകാലത്ത് ഇൻഡ്യൻ പ്രധാനമന്ത്രിതന്നെ കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ച് അനുകൂലമായി അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം. എന്നാൽ അവരുടെ മെത്തേഡ് മാത്രമേ ഗവൺമെന്റ് എതിർക്കുന്നുള്ളൂ.

Sri. R. K. Ram: May I know whether the subversive activities attributed to the communist party have been in fact indulged in by the Congress Party?

Sri. C. Kesavan: That question does not arise.

ശ്രീ. സി. വി. ഇട്ട്യ: ഗവമ്മെൻറിൻെറ കമ്മ്യൂണിസ്‍റ്റുപാർട്ടിയോടുള്ള പെരുമാററംകൊണ്ടും ഏ. കെ. ഗോപാലൻെറ നിരോധനംകൊണ്ടുമെല്ലാം കമ്മ്യൂണിസ്‍റ്റുപാർട്ടിക്കു അവർ അർഹിക്കാത്ത പ്രാധാന്യം ഇവിടെ ഉണ്ടാക്കിത്തീർത്തു എന്നുള്ള സംഗതി ഗവമ്മെൻറിനു അറിവുണ്ടോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറിനു അങ്ങനെ ഒരുദ്ദേശവും ഇല്ല.

Mr. Deputy Speaker: Question time is over.

WRITTEN ANSWERS

SHERTALLAI ALLEPPEY CANAL

***41.** (22) **Sri. Joseph Mathen:** Will the hon. Chief Minister be pleased to state.—

(*a*) whether the Government have received any representation from the Public of Shertallai requesting the completion of the Shertallai-Alleppey Canal; if so, please state the action taken for the same:

(*b*) have the Government been informed of the resolution of the S. N. D. P. Union of Shertallai to organise Satyagraha and taluk-wide agitation for the same purpose;

(*c*) when the work is expected to complete;

(*d*) the amount required for the completion of the work;

(*e*) have the Government been informed of the great harm that is done to cultivation due to delay in undertaking the work?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) Yes. The work has already been resumed and is in progress.

(*b*) Yes.

(*c*) The work will be completed as early as possible. A definite date cannot be fixed now.

(*d*) Approximately a sum of Rs. 7·12 lakh is required for the completion of the work.

(*e*) No.

INTEGRATION OF SERVICES

***42** [26] **Sri. A. K. George:** Will the hon. Chief Minister be pleased to state.—

(*a*) is it correct that as seen from the statement issued by the Chief Minister the final proposals for the Integration of Services in the State are to be further referred to a Retired Judge of Bombay?

(*b*) were not those proposals finalised by the Government of India; and

(*c*) if so, what is the reason for another reference?

Chief Minister **(Sri. C. Kasavan:** (*a*) No.

(*b*) Yes.

(*c*) The question does not arise.

FOODGRAINS

***43.** [29] **Sri. Eapen Arakkal:** Will the hon. Minister for Food be pleased to state.—

(*a*) whether reduction in the quantity of foodgrains had to be ordered solely on account of the impossibility of difficulty in transporting foodgrains from Cochin Harbour to the various parts of the State ;

(*b*) did the Government subsequently get over these difficulties ; and

(*c*) if so, has distribution been made afterwards so as to make up this reduction ?

Minister for Finance and Food **(Sri. K. M. Korah):** (*a*) No.

(*b*) & (*c*) Do not arise..

ഡി. എസ്സ്. പി. ശ്രീ. അച്ചുതൻ

*൪൪ (൩൦) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി സദയം മറുപടി പറയുമോ ?

ഉദ്യോഗകാലാവധി അവസാനിച്ച ഡി. എസ്സ്. പി. ശ്രീ. അച്ചുതനെ വീണ്ടും ഉദ്യോഗത്തിൽ നിയമിക്കുവാൻ പ്രത്യേക കാരണം ഉണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

ശ്രീ. അച്ചുതൻെറ കാര്യക്ഷമതയും, സാമർത്ഥ്യവും പരിഗണിച്ചു മാത്രമാണ് വീണ്ടും ഉദ്യോഗം നൽകിയതു്.

CO-OPERATIVE SOCIETIES FOR COIR INDUSTRIES

***45** [31] **Sri. K. Ramachandran:** Will the hon. Minister for Co-operation be pleased to state.—

(*a*) the number of Co-operative Societies for coir industriss registered during 1950—51.

(*b*) the number of such Societies to whom financial assistance was given by Government ;

(*c*) the total amount so disbursed so far ?

Minister for Education **(Sri. L. M. Pylee):**

(*a*) Coir Co-operative Societies 23
Thondu Vyavasaya Society 1
Central Marketing Society 1

(*b*) 23 Primary Societies.

(*c*) Rs. 42,000.

BAN ON THE COMMUNIST PARTY

***46.** [33] **Sri. N. D. Jose:** Will the hon. Minister for Law and Order be pleased to state.—

whether the Government proposes to lift the ban declaring the Communist party illegal before the general elections and if not, the reasons for such action ?

Chief Minister **(Sri. C. Kesavan) :**

No. Since Government are convinced that the Communist party has not cast off its subversive activities, it is not possible to lift the ban on it at present.

സഞ്ചാര പരിപാടി

*൪൭ (൪൨) ശ്രീ. വി. കെ. വർഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ ?

(എ) രാജപ്രമുഖൻ സ്റ്റേറ്റിൽനിന്നും വേറെ എവിടെയെങ്കിലും പോകുന്നതിനു് ഇൻഡ്യാഗവൺമെൻറിന്റെ അനുവാദം വേണമെന്നു് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ഈ നിർദ്ദേശം ഉണ്ടായി ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഗവൺമെൻറിനു് അറിവില്ല.

(ബി) എ ഉപചോദ്യത്തിന്റെ ഉത്തരം കൊണ്ടു് ഈ ചോദ്യത്തിന്റെ ആവശ്യം ഇല്ല.

ഇൻഡ്യൻ നിയമങ്ങൾ

*൪൮ (൪൫) ശ്രീ. വി. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിലും വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ൧൯൩൫-ലെ പാർട്ടു് ബി സ്റ്റേറ്റു് ആക്ടു് പ്രകാരം ഈ സംസ്ഥാനത്തിനു ബാധകമാക്കിയ ഇൻഡ്യൻ നിയമങ്ങൾ ഇവിടെ നടപ്പാക്കുന്നതിനെസംബന്ധിച്ചു് ഈ ഗവൺമെൻറുമായി മുൻകൂട്ടി എന്തെങ്കിലും ആലോചിട്ടുണ്ടോ ?

(ബി) ഈ ഗവൺമെൻറു് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

(സി) ഇൻഡ്യൻ സക്സഷൻ ആക്ടു് ഈ സംസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിനെ പ്രതിഷേധിച്ചു് എന്തെങ്കിലും നിവേദനങ്ങൾ ഗവൺമെൻറിനു് കിട്ടിയിട്ടുണ്ടോ ?

തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ): (എ) ഉണ്ടു്.

(ബി) ചില നിയമങ്ങളെപ്പറ്റി പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

(സി) ഇല്ല.

NEDUMANGAD ARUVIKARA ROAD

***49. [46] Sri. Neelakantaru Pandarathil:** Will the hon. Minister for Public Works be pleased to state—

whether Government are in possession of representations from the public for the reopening of the Nedumangad—Aruvikara Road.

Minister for Public Works **(Sri. G. Chandrasekara Pillai):**

Yes. The matter is receiving the attention of Government.

തിരു-കൊച്ചി സംയോജനം

*൫൦ (൪൭) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരു-കൊച്ചി സംയോജനം നടന്നതോടുകൂടി നിയമനിർമ്മാണത്തിനും ഐകരൂപ്യം ഉണ്ടായിട്ടുണ്ടോ ?

(ബി) ഉണ്ടായിട്ടില്ലെങ്കിൽ അതിനു കാരണം എന്തു് ?

തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: (എ) മിക്ക നിയമങ്ങൾക്കും ഐകരൂപ്യം വന്നിട്ടുണ്ടു്.

(ബി) കേന്ദ്രഗവൎമ്മെന്റിൽനിന്നും ഈ ഗവൎമ്മെന്റിലേക്കു് ബാധകമാക്കിയിട്ടുള്ളതും തിരു-കൊച്ചിയിലുണ്ടായിരുന്ന നിയമങ്ങളെ ഏകീകരിച്ചു് ഈ സഭ പാസ്സാക്കിയതും കഴിച്ചു് ബാക്കി ഏകീകരിക്കേണ്ട നിയമങ്ങളുടെ പല ബില്ലുകളും പല ഘട്ടങ്ങളിലായി ഈ സഭയിൽ സ്ഥിതിചെയ്യുന്നുണ്ടു്. ബാക്കി വരുന്ന നിയമങ്ങളുടെ ബില്ലുകൾ തയ്യാറാക്കി പല ഘട്ടങ്ങളിലായിരിക്കുന്നുണ്ടു്. അവ വളരെ താമസം കൂടാതെ സഭയിൽ അവതരിപ്പിക്കുന്നതാകുന്നു.

മദ്യനിരോധനം

*൭൧ (ന്യൂ) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) അടുത്തയാണ്ടിൽ തിരു-കൊച്ചി സംസ്ഥാനത്തു് ഏതെല്ലാം താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടു്?

(ബി) ഉണ്ടെങ്കിൽ അടുത്ത വൎഷം കൊല്ലം താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്തുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള).

(എ) ഇതിനെ സംബന്ധിച്ചു് തീരുമാനം ഉണ്ടായിട്ടില്ല.

(ബി) എ. യുടെ ഉത്തരം കൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTION

1. [5] **Sri. K. P. Nilakanta Pillai**: Will the hon. Minister for Labour be pleased to answer the following.—

(*a*) whether the labourers of Ponmudi, Invercaull, Merchistom and Bonaccad estates have gone on a general strike;

(*b*) if so, when was the strike commenced and what is the total number of labourers involved in the strike;

(c) whether a memorandum has been submitted by the labourers of those estates and if so when was it presented and what were the grievances sought to be remedied in the memorandum;

(*d*) what action has been taken on the memorandum?

Minister for Labour and Industry **(Sri. P. K. Krishnankutty Menon):**

(*a*) Yes.

(*b*) The strike was commenced on 20th August 1951. About 2,000 labourers were involved in this strike.

(c) A memorandum of demands was presented to the managements of the estates by the Nedumangad Taluk Estate Workers' Union, on 8—5—1951. The memorandum demanded the following:—

(1) An adult worker shall have a minimum wage of Rs. 72 per mensem (except craftsmen and factory workers).

(2) Every worker shall have a housing accommodation of 100 square feet under healthy conditions.

(3) Free and compulsory basic education shall be given to the children of school-going age of the labourers.

(4) Every labourer should have free and easy access to a fairly well equipped dispensary or hospital. Women should have adequate provision for maternity clinics.

(5) Every adult labourer should be given a ration of 45 *nali* rice per month (besides other cereals) and the members of his family should be given ordinary ration. He should also be sold at the controlled rates at least 20 yards for clothing.

(6) 25 per cent. of the net profits of each estate should be set apar every year for meeting the material living conditions of the labourers.

(7) There should be made available in every estate an office room for the use of the works committees of every estate or branch.

(*d*) The usual procedure when memoranda are submitted is for the union representatives to discuss directly with the management on the matters raised in the memoranda. If such negotiations fail, the conciliation staff of the Department of Labour mediate in the dispute. In this instance, it is not known that any direct discussions between the managements and the union representatives took place. The Labour Commissioner held separate discussions with the representatives of the managements and the union representatives. A joint conference was held by him on 27—8—1951, in which the representatives of the four estates, the Secretary of the Association of Planters of Travancore and the President of the Union participated. It was revealed at the conference that the main demand of the union related to the increase in wages. The managements refused to increase wages since the wages in all the tea estates were settled on an industry-wide basis. Government have asked the Minimum Wages Committee to declare interim-wage-rates for the labour in these estates.

Point of order re: Answer to a Question **[12-0 Noon]**

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഒരു പായിന്റ് ഓഫ് ഓർഡർ. സർ, ഒരു സ്റ്റേറ്റ്മെന്റ് ഈ സഭ മുമ്പാകെ തരുവാനുണ്ട്. ൩൨-ാംനമ്പർ ചോദ്യത്തിനു ഇവിടെ ഉത്തരം പറഞ്ഞതു് നെയ്യാർ അണകൊണ്ടുള്ള ഉദ്ദേശം വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുക എന്നുള്ളതല്ലെന്നാണ്. എന്നാൽ രണ്ടുകൊല്ലത്തിനു മുമ്പ് ഈ സംഗതിക്കായി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ൧൨൦൦ കിലോവാട്ട്സ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ്. അതോ ഇന്നു മന്ത്രി പറഞ്ഞിട്ടുള്ള ഉത്തരമോ ഏതു ശരിയെന്നാണ് ധരിക്കേണ്ടതു്? മന്ത്രി പറഞ്ഞ ഉത്തരം ശരിയല്ലെന്നുണ്ടെങ്കിൽ അതു തിരുത്തണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: Sir, A Point of order. ചോദ്യോത്തരസമയം അവസാനിച്ചിരിക്കുന്നുവെന്നു് അദ്ധ്യക്ഷസ്ഥാനത്തുനിന്നു പ്രസ്താവിച്ചിരിക്കെ ചോദ്യോത്തരസമയത്തു നടന്ന സംഗതികളെപ്പററി വിമർശിക്കുവാൻ ഒരു മെമ്പർക്കു പായിന്റ് ഓഫ് ഓർഡർ ഉന്നയിക്കുവാൻ അവകാശമുണ്ടോ? ചോദ്യോത്തരങ്ങളെ സംബന്ധിച്ചു് എന്തെങ്കിലും പരാമർശിച്ചു് സംസാരിക്കുവാനുണ്ടെങ്കിൽ അതിനു പ്രത്യേക നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ൪൮ മണിക്കുശേഷം അതുസംബന്ധിച്ചുള്ള വ്യവസ്ഥകൾപ്രകാരം വാദപ്രതിവാദം ചെയ്യാം. അങ്ങിനെ ഒരു പ്രത്യേക നടപടി നിർദ്ദേശിച്ചിരിക്കുന്ന നിലക്കു ചോദ്യോത്തരസമയത്തു നടന്നിട്ടുള്ള കാര്യങ്ങൾ പറയുന്നതിനായി ഇവിടെ ഇപ്പോൾ ഒരു പായിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുള്ളതു് ഓർഡറിലാണോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഓർഡറിലല്ല.

സഭ ഇപ്പോൾ പിരിയുന്നതും നാളെ ൧൧ മണിക്കു വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 12-2 p.m. to meet again at 11 a.m. on Wednesday, the 19th September 1951

V. KRISHNAMOORTHI
Secretary, Legislative Assembly